# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : Suraj S.** **Editor : Dr. Saritha Vijayan K.**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-16/11/2022.

1. സംസ്ഥാന കടാശ്വാസ കമ്മീഷൻ വഴി കടാശ്വാസത്തിനായി കർഷകർക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള വായ്പാ തീയതി **വയനാട്, ഇടുക്കി** ജില്ലയിലെ കർഷകർക്ക് **31.08.2018 എന്നത് 31.08.2020** വരെയും **മറ്റ് 12 ജില്ലകളിലെ** കർഷകർക്ക് **31.03.2014 എന്നത് 31.03.2016** വരെയും ദീർഘിപ്പിച്ചതായി കൃഷി മന്ത്രി പി പ്രസാദ് അറിയിച്ചു. കാലാവസ്ഥ വ്യതിയാനത്തെ തുടർന്ന് നിരന്തരം പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകുകയും കൃഷിനാശം സംഭവിക്കുകയും ചെയ്ത സാഹചര്യത്തിൽ കർഷകർ കടക്കെണിയിൽ അകപ്പെടാതിരിക്കുന്നതിനും, സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ നിന്നായി കർഷകരിൽ നിന്നും ലഭിച്ച അപേക്ഷകൾ പരിഗണിച്ചുമാണ് ഈ തീരുമാനമെന്നും മന്ത്രി അറിയിച്ചു. കർഷകർ സഹകരണ ബാങ്കുകളിൽ / സംഘങ്ങളിൽ നിന്നും എടുത്ത വായ്പകൾക്ക് കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മുഖേന നിലവിൽ പരമാവധി രണ്ട് ലക്ഷം രൂപ വരെയാണ് കടാശ്വാസം അനുവദിച്ചു വരുന്നത്.

2. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതി മൂന്നാംഘട്ടത്തിന്റെ ഭാഗമായി കുളമ്പുരോഗ നിയന്ത്രണ പ്രതിരോധ കുത്തിവെയപ്പ് തിരുവനന്തപുരം ജില്ലയിൽ നവംബർ 15 മുതൽ ഡിസംബർ 09 വരെ നടത്തപ്പെടുന്നു. കർഷകർ ഈ അവസരം പ്രയോജനപ്പെടുത്തി നാല് മാസത്തിനു മേൽ പ്രായമുള്ള കന്നുകാലികളേയും എരുമകളേയും പ്രതിരോധ കുത്തിവെയ്പ്പിനു വിധേയമാക്കണമെന്ന് മൃഗസംരക്ഷണ വകുപ്പ് അറിയിച്ചു. കുത്തിവെയ്പ്പിനായി കർഷകരുടെ വീട്ടുപടിക്കൽ മൃഗസംരക്ഷണ വകുപ്പിലെ അംഗീകൃത വാക്സിനേറ്റർമാർ എത്തുന്നതാണ്. പ്രതിരോധ കുത്തിവയ്പ് സൗജന്യമായിരിക്കുമെന്നും വകുപ്പ് അറിയിച്ചു.

3. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) നടത്തുന്ന പരിശീലനങ്ങളെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതുസംബന്ധമായ ചോദ്യങ്ങൾക്ക് ഇന്ന് (നവംബർ 16) രാവിലെ പത്തു മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർബോർഡിലെ ഫാക്ടറി മാനേജർ ഫോണിലൂടെ മറുപടി നൽകും. കോൾസെന്റർ നമ്പർ **0481 2576622.**

4. ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ നിന്നും 45 ദിവസം പ്രായമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങളെ ലഭിക്കുവാനായി ബുക്കിംഗ് സ്വീകരിക്കുന്നു. 130 രൂപ നിരക്കിൽ വിതരണം ചെയ്യുന്ന മുട്ടക്കോഴിക്കുഞ്ഞുങ്ങളെ ആവശ്യമുള്ളവർ തിങ്കൾ മുതൽ വെള്ളി വരെ 9 മണി മുതൽ 5.30 വരെയുള്ള സമയങ്ങളിൽ **0479 2959268, 2449268, 9447790268** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേരും ഫോൺ നമ്പരും നൽകി മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.

5. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള കുടപ്പനക്കുന്ന് ബ്രോയിലർ ബ്രീഡർ ഫാമിലെ മുട്ടയുത്പാദനം കഴിഞ്ഞതും ഏകദേശം 4.5 കിലോ ഭാരമുള്ളതുമായ മാതൃ പിതൃ ശേഖരത്തിൽപ്പെട്ട അയ്യായിരത്തിൽപരം കോഴികളെ സ്റ്റോക്ക് തീരുന്നതുവരെ ദിവസവും രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണി വരെ വിൽപ്പനയ്ക്കായി തയ്യാറായിട്ടുണ്ടെന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **0471-2478585, 9495000914** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

6. ഹോർട്ടികോർപ്പിന്റെയും എറണാകുളം ജില്ലയിലെ മഴുവന്നൂർ കൃഷിഭവന്റെയും ആഭിമുഖ്യത്തിൽ **കാർഷിക ഉത്പാദന ക്ഷമതയ്ക്ക് തേനീച്ച പരിപാലനം** എന്ന വിഷയത്തിൽ ഈ മാസം **18,19,21** (നവംബർ 18, 19, 21) തീയതികളിൽ രാവിലെ 10 മുതൽ വലമ്പൂർ പബ്ലിക് ലൈബ്രറി ഹാളിൽ വച്ച് പരിശീലന ക്യാമ്പ് സംഘടിപ്പിക്കുന്നു. പരിശീലന ക്യാമ്പിൽ 30 കർഷകർക്ക് പങ്കെടുക്കാവുന്നതാണ്. പങ്കെടുക്കുന്ന കർഷകർക്കു ഹോർട്ടി കോർപ്പ് സർട്ടിഫിക്കറ്റ്, സബ്സിഡി നിരക്കിൽ തേനീച്ച കോളനികൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ ലഭ്യമാക്കും. കൂടുതൽ വിവരങ്ങൾക്ക് **9447910989** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

7. പട്ടം ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം **21 മുതൽ 26 വരെയുള്ള** (നവംബർ 21 മുതൽ 26 വരെ) ആറ് പ്രവൃത്തി ദിവസങ്ങളിൽ **ശാസ്ത്രീയമായ പശുപരിപാലനം** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. താൽപര്യമുള്ളവർ ഈ മാസം **19-ന് (നവംബർ 19) 5 മണിക്കു മുമ്പായി** പരിശീലന കേന്ദ്രത്തിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപയാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പങ്കെടുക്കുന്നവർക്ക് ഓരോ ദിവസവും 125 രൂപ ദിനബത്തയും, ആകെ 100 രൂപ യാത്രാബത്തയും നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി.ഒ., തിരുവനന്തപുരം 695004 എന്ന മേൽവിലാസത്തിലോ, **0471–2440911** എന്ന ഫോൺ നമ്പരിലോ, principaldtctvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

8. തിരുവനന്തപുരം, വെള്ളായണി കാർഷിക കോളജിലെ പോസ്റ്റ് ഹാർവെസ്റ്റ് ടെക്നോളജി വിഭാഗത്തിൽ വച്ച് 'ഞങ്ങളും കൃഷിയിലേക്ക്' എന്ന പദ്ധതിയുടെ ഭാഗമായി **'പഴം - പച്ചക്കറി സംസ്കരണത്തിൽ പാക്കേജിന്റെ പ്രാധാന്യം'** എന്ന വിഷയത്തിൽ ഏകദിന പരിശീലന പരിപാടി ഈ മാസം 29-ന് (29.11.2022 ന് ) നടത്തുന്നു. 500 രൂപയാണ് ഫീസ്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് പരമാവധി 25 പേർക്കാണ് പ്രവേശനം നൽകുന്നത്. താൽപര്യമുള്ളവർ ആഫീസ് സമയങ്ങളിൽ **9447281300** എന്ന ഫോൺ നമ്പറിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് **പശു വളർത്തൽ** എന്ന വിഷയത്തിൽ ഈ മാസം 18-ന് (18/11/2022-ന്) രാവിലെ 10.00 മുതൽ 4.00 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്. പങ്കെടുക്കുന്നവർ **0491– 2815454, 9188522713** എന്ന നമ്പറിൽ വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

10. മുണ്ടകൻ കൃഷി ചെയ്യാത്ത നെൽപാടങ്ങളിലും മറ്റു കൃഷിയിടങ്ങളിലും പയർ കൃഷി ചെയ്യാൻ അനുയോജ്യമായ സമയമാണ് ഇപ്പോൾ. എല്ലാവിധ പയർ വർഗ വിളകളുടെയും വിത്ത് വിതയ്ക്കുന്നതിനു മുൻപ് വിത്തുകൾ റൈസോബിയം എന്ന ജൈവ വളവുമായി സംയോജിപ്പിച്ച ശേഷം വിതയ്ക്കുകയാണെങ്കിൽ 15 - 20 % വരെ ഉത്പാദനത്തിൽ വർദ്ധനവ് ലഭിക്കാൻ കാരണമാകും. 5 മുതൽ 10 കിലോഗ്രാം വരെ വിത്തുകൾ പരിചരിക്കുന്നതിനു 500 ഗ്രാം റൈസോബിയത്തോടൊപ്പം ആവശ്യമായ വെള്ളമോ അല്ലെങ്കിൽ തലേ ദിവസത്തെ കഞ്ഞിവെള്ളമോ കൂട്ടിച്ചേർത്തു അതിലേക്ക് വിത്തുകൾ മുക്കി വെച്ച ശേഷം നേരിട്ട് വെയിൽ ഏൽക്കാത്ത തണലുള്ള സ്ഥലങ്ങളിൽ ചണച്ചാക്കിൽ വിത്തുകൾ നിരത്തി

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ഉണക്കിയ ശേഷം പെട്ടെന്ന് തന്നെ വിതയ്ക്കുകയാണ് ചെയ്യേïത്. കഞ്ഞി വെള്ളത്തിൽ റൈസോബിയം ചേർക്കുന്നത് വഴി വിത്തുകളിൽ റൈസോബിയം നല്ല രീതിയിൽ ഒട്ടിപ്പിടിക്കാൻ സഹായിക്കും